LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് കോട്ടിക്കുളം റെയിൽവേസ്റ്റേഷന് സമീപം റെയിൽവേ ഓവർബ്രിഡ്ജ്

245 (5330) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് കോട്ടിക്കുളം റെയിൽവേസ്റ്റേഷനുസമീപം റെയിൽവേ ഓവർബ്രിഡ്ജ് സ്ഥാപിക്കുന്നതിന് റെയിൽവേയ്ക്ക് സ്ഥലം കൈമാറി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിന് DPR തയ്യാറാക്കുന്നതിന് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത് ;

(സി) പ്രസ്തുത സ്ഥാപനം DPR തയ്യാറാക്കി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ഡി) പ്രസ്തുത മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അറിയിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കിറ്റ്കോ എന്ന കൺസൾട്ടൻസി സ്ഥാപനത്തെയാണ് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ഏൽപ്പിച്ചിട്ടുള്ളത്.

(സി&ഡി) കിറ്റ്കോ പദ്ധതിക്കായുള്ള വിശദമായ എസ്റ്റിമേറ്റും പ്ലാനും തയ്യാറാക്കിവരുന്നു. റെയിൽവേ ഭാഗത്തിന്റെ പണികൾ റെയിൽവേ നേരിട്ടാണ് ചെയ്യുന്നത്. ആ ഭാഗത്തിന് റെയിൽവേ തയ്യാറാക്കിയിട്ടുള്ള പ്ലാനനുസരിച്ച് സ്പാനിന് 1.80 മീറ്റർ ഉയരം ഉണ്ട്. കോട്ടിക്കുളത്ത് റെയിൽവേ ലൈനും ഇരുവശത്തുള്ള റോഡുകളും തമ്മിൽ ദൂരം വളരെ കുറവായതിനാൽ പാലത്തിന് ചുരുങ്ങിയത് വേണ്ട 1:15 സ്ലോപ് ലഭിക്കണമെങ്കിൽ റെയിൽവേ സ്പാനിന്റെ ഉയരം 0.95 മീറ്ററായി കുറയ്ക്കണം. ഈ വിവരം റെയിൽവേ അറിയിച്ചിട്ടുണ്ട്. ഇതിൽ തീരുമാനമായാൽ മാത്രമേ ഡി.പി.ആർ. പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.